## കേരള സർക്കാർ

നം.സിഎ3/28/2024/സിഎഡി

ഉപഭോക്തൃകാര്യ വകുപ്പ്
തിരുവനന്തപുരം
തീയതി: 28-11-2024.

## പ്രസിദ്ധീകരണത്തിന്

2022, 2023 വർഷങ്ങളിലെ രാജീവ് ഗാന്ധി സംസ്ഥാന ഉപഭോക്തൃ സംരക്ഷണ അവാർഡിന് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഉപഭോക്തൃ സംഘടനകളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ഉപഭോക്തൃ സംരക്ഷണ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുകയും, 3 വർഷത്തെ പ്രവർത്തന പരിചയവുമുള്ള സംഘടനകൾക്ക് അവാർഡിന് അപേക്ഷിക്കാം. വിശദവിവരങ്ങൾ ഉപഭോക്തൃകാര്യ വകുപ്പ്, പൊതുവിതരണ വകുപ്പ് ഡയറക്ടറേറ്റ്, ജില്ലാ സപ്ലൈ ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാണ്. അപേക്ഷകൾ 10-12-2024 വൈകിട്ട് 5 മണിയ്ക്ക് മുൻപ് അഡീഷണൽ ചീഫ് സെക്രട്ടറി, ഉപഭോക്തൃകാര്യ വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. അപൂർണ്ണമോ വൈകികിട്ടുന്നതോ ആയ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

2022, 2023 വർഷങ്ങളിൽ ഓരോ സംഘടനയും നടത്തിയ പ്രവർത്തനങ്ങൾക്ക് താഴെ പറയുന്ന രീതിയിൽ പോയിന്റ് നിശ്ചയിച്ചായിരിക്കും അവാർഡ് നിർണയം നടത്തുക.

| | |
|---|---|
| തൻ വർഷം പ്രസിദ്ധീകരിച്ച പുസ്തകം (പുനഃപ്രസിദ്ധീകരണങ്ങൾ പരിഗണിക്കുന്നതല്ല) | ഓരോ പുസ്തകത്തിനും പരമാവധി 20 പോയിന്റ് വീതം |
| സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനിൽ ഫയൽ ചെയ്ത കേസുകൾ, കമ്മീഷനുകൾക്ക് പുറത്ത് ഒത്തുതീർപ്പാക്കിയ കേസുകൾ | ഓരോ കേസിനും പരമാവധി 10 പോയിന്റ് വീതം |
| നവമാദ്ധ്യമങ്ങളിലെ ഇടപെടലുകൾ (ഫേസ് ബുക്ക് പേജ്, ട്വിറ്റർ അക്കൗണ്ട് മുതലായവ) (ലൈക്കുകൾ, ഷെയറുകൾ, പിന്തുടരുന്നവർ തുടങ്ങിയവ പരിഗണിച്ച്) | ഓരോ അക്കൗണ്ടിനും പരമാവധി 10 പോയിന്റ് വീതം |
| ജില്ല ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിൽ ഫയൽ ചെയ്ത | ഓരോ കേസിനും പരമാവധി 5 പോയിന്റ് വീതം |

| | | |
|---|---|---|
| കേസുകൾ | | |
| സെമിനാറുകൾ, പ്രസിദ്ധീകരിച്ച മാഗസിനുകൾ, കൺസ്യൂമർ ക്ലബ് പ്രവർത്തനങ്ങൾ, ഉൽപ്പന്ന പരിശോധനകൾ | ഓരോന്നിനും പരമാവധി പോയിന്റ് വീതം | 5 |
| പ്രസിദ്ധീകരിച്ച ലഘുലേഖകൾ | ഓരോന്നിനും പരമാവധി പോയിന്റ് വീതം | 2 |

ഒപ്പ്/-
അജിത് കുമാർ
ഐ.എ.എസ്.
സെക്രട്ടറി